ലോകബാങ്ക് സഹായത്തോടുകൂടി അംഗൻവാടികൾക്ക് കെട്ടിടം

167 [2647] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടുകൂടി കേരളത്തിലെ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനും കുടിവെള്ളമെത്തിക്കുവാനും തീരുമാനിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ബ്ലോക്കുകളെയാണ് പത്തനംതിട്ട ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിലെ മലയോര ബ്ലോക്കായ റാന്നിയെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1600 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനും, 800 കുടിവെള്ള പദ്ധതി നടപ്പിലാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മല്ലപ്പള്ളി, കോയിപ്രം ബ്ലോക്കുകൾ.

(സി) ലോകബാങ്ക് പദ്ധതിയുടെ കീഴിൽ റാന്നി ഐ.സി.ഡി.എസ്. പ്രോജക്ട് ഉൾപ്പെടാത്തതിനാൽ നടപടികൾ ഒന്നുമില്ല.

അംഗൻവാടി ജീവനക്കാരുടെ വേതനം

168 [2648] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ അംഗൻവാടി അദ്ധ്യാപകരായും ആയമാരായും ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ശിശുക്കളുടെ ബുദ്ധിപരമായ വളർച്ചയ്ക്കും വികാസത്തിനും വേണ്ടി ഇവർ ചെയ്യുന്ന സേവനം കണക്കിലെടുത്ത് കുറേക്കൂടി മെച്ചപ്പെട്ട വേതനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് എത്ര അംഗൻവാടി അദ്ധ്യാപകരും ആയമാരും ജോലി ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഓരോ സ്ഥാപനങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly